KOLLAM DISTRICT BASEBALL ASSOCIATION
Affiliated to Kerala Sports Council & Kerala Baseball Association
Noufal Manzil Padinjattom kizhakku Sooranad P O Kollam 690522
Email Id - kollambaseball@gmail.com, PH - 9544667505

VM PREMNAVAS
9544667505
President

NOUFIN B
9544667505
Secretary

KLMBB-06/2023

16-10-2023

# 8 മത് കൊല്ലം ജില്ലാ ജൂനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പ് 2023-2024

8 മത് കൊല്ലം ജില്ലാ ജൂനിയർ ബേസ്ബാൾ ചാമ്പ്യൻഷിപ്പ് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ട് ചക്കുവള്ളിയിൽ വെച്ച് 2023 ഒക്ടോബർ 15 ന് രാവിലെ 8 മണിക്ക് ആരഭിച്ചു, ജില്ലാ സ്പോർട്സ് കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ എസ് ഗോപകുമാർ ഉത്ഘാടനം നിർവഹിക്കുകയും, ജില്ലാ അസോസിയേഷൻ പ്രസിഡന്റ് ശ്രീ വി എം പ്രേം നവാസ് അധ്യക്ഷൻ ആവുകയും ജില്ലാ അസ്സോസിയേഷൻ സെക്രട്ടറി ശ്രീ നൗഫിൻ ബി സ്വാഗതവും തുടർന്ന് ജില്ലാ സ്പോർട്സ് കൗൺസിൽ അംഗം ശ്രീ സാബുജാൻ, ശ്രീ അനൂപ്, ശ്രീ ഷിബു ബേബി എന്നിവർ സംസാരിച്ചു, നന്ദി അബിൻ സോജൻ രേഖപെടുത്തി.

മത്സരത്തിൽ പങ്കെടുക്കേണ്ട എല്ലാ ടീമുകളും കൃത്യത പാലിച്ചത് കൊണ്ട് മത്സരം കൃത്യ സമയത്ത് ആരംഭിക്കുവാൻ സാധിച്ചു, പ്രതികൂല സാഹചര്യം ആയിരുന്നാലും എല്ലാ മത്സരങ്ങളും ഏഥാസമയത്തു നടത്തി തീർക്കുവാൻ സാധിച്ചു.ആൺകുട്ടികളുടെ വിഭാഗത്തിൽ 8 ടീമുകളും പെൺകുട്ടികളുടെ വിഭാഗത്തിൽ 6 ടീമുകളുമാണ് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ജില്ലാ മത്സരത്തിൽ പങ്കെടുത്തത്, 160 പരം കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാൻ എത്തിയത് പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിനെ ആകെ പൂരപ്പറമ്പാക്കി

മാറ്റിയിരുന്നു.

ആൺകുട്ടികളുടെ വിഭാഗത്തിൽ നവോദയം നീരാവിൽ ബോയ്സ് കരുനാഗപ്പള്ളിയെ പരാജയപ്പെടുത്തികൊണ്ട് ജൂനിയർ വിഭാഗം കന്നി കിരീടം സ്വന്തമാക്കിയപ്പോൾ ബോയ്സ് കരുനാഗപ്പള്ളി രണ്ടാം തവണയും രണ്ടാം സ്ഥാനം കൊണ്ട് തൃപ്തരാക്കേണ്ടി വന്നു, നിലവിലെ ചാമ്പ്യൻമാരായ റെഡ് മെറിഡിയൻ ക്ലബ് ഇത്തവണ മൂന്നാം സ്ഥാനത്തേക്ക് പിന്തള്ളപെടുകയുണ്ടായി.

പെൺകുട്ടികളുടെ വിഭാഗത്തിൽ കുളക്കട ഡൈനമിക് ഹാക്കേഴ്സ് കൊല്ലത്തെ പരാജയപ്പെടുത്തികൊണ്ട് ഒന്നാം സ്ഥാനം സ്വന്തമാക്കിയപ്പോൾ ഹാക്കേഴ്സ് കൊല്ലം രണ്ടാം സ്ഥാനം നിലനിർത്തുകയാണ് ഉണ്ടായത്, മൂന്നാം സ്ഥാനം റെഡ് സ്റ്റാർ ക്ലബ് നിലവിലെ ചാമ്പ്യൻമാരായ ബ്ലാക്ക് & വൈറ്റ് കുണ്ടറയെ പരാജയപ്പെടുത്തികൊണ്ട് സ്വന്തമാക്കി.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ മഴ തകർത്ത് പെയിതപ്പോൾ പോരുവഴി പഞ്ചായത്ത് ഗ്രൗണ്ടിൽ മാത്രം മഴ ഒരു കുളിരായി ഇടയ്ക്കു ഇടക്ക് വന്ന് പോവുകയാണ് ഉണ്ടായത്, എന്നിരുന്നാലും മത്സരത്തിന് വലിയ തടസങ്ങൾ ഒന്നും തന്നെ ഇല്ലാതെ നടത്തി തീർക്കാൻ സാധിച്ചു.

സമാപന സമ്മേളനത്തിൽ വിജയികളായ ടീമുകൾക്ക് ജില്ലാ അസ്സോസിയേഷൻ പ്രസിഡന്റ് ശ്രീ വി എം പ്രേം നവാസ് ട്രോഫികൾ കൈമാറുകയും ജില്ലാ സെക്രട്ടറി ശ്രീ നൗഫിൻ ബി, സ്പോർട്സ് കൗൺസിൽ അംഗം ശ്രീ സാബുജാൻ, ശ്രീ അനൂപ്, ശ്രീ ഷിബു ബേബി, തുടങ്ങിയവർ സംസാരിച്ചു നന്ദി രാഹുൽ ജിത് രേഖപെടുത്തി.

**ആൺകുട്ടികളുടെ വിഭാഗത്തിൽ മത്സരത്തിൽ പങ്കെടുത്ത ടീംമുകൾ**

1- റെഡ് മെറിഡിയൻ ക്ലബ്
2- ബോയ്സ് കരുനാഗപ്പള്ളി
3- നവോദയം നീരാവിൽ
4- ജെ എം എച്ച് എസ് ഭരണിക്കാവ്
5- ബി എച്ച് എസ് എസ് കരുനാഗപ്പള്ളി
6- വി വി വി എച്ച് എസ് എസ് അയത്തിൽ
7- ബ്ലാക്ക് & വൈറ്റ് കുണ്ടറ ക്ലബ്
8- പ്രൊ അക്കാദമി കുഴുമതിക്കാട്

**പെൺകുട്ടികളുടെ വിഭാഗത്തിൽ മത്സരത്തിൽ പങ്കെടുത്ത ടീമുകൾ**

1- ബ്ലാക്ക് & വൈറ്റ് കുണ്ടറ
2- വി വി വി എച്ച് എസ് എസ് അയത്തിൽ
3- ജെ എം എച്ച് എസ് ഭരണിക്കാവ്
4- ഡൈനാമിക് കുളക്കട
5- റെഡ് സ്റ്റാർ ക്ലബ്
6- ഹാക്കേഴ്സ് സ്പോർട്സ് ക്ലബ്

നൗഫിൻ ബി
സെക്രട്ടറി
കൊല്ലം ജില്ലാ ബേസ്ബാൾ അസോസിയേഷൻ